സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – ദേവസ്വം കമ്മീഷണർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമനം നടത്തുന്നത് – DBP 44/2024 മേലുള്ള ബഹു: ഹൈക്കോടതിയുടെ 22-06-2024, 02-07-2024 തീയതികളിലെ ഉത്തരവുകൾ – ശ്രീ. പ്രകാശ്. സി.വി (അഡീഷണൽ സെക്രട്ടറി, ഹോം ഡിപ്പാർട്ട്മെന്റ്, കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റ്) -യെ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ആയും ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായും അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ: ROC No. 01/2018/Est-I നന്തൻകോട്, 27/07/2024

---

പരാമർശം ഃ- (1) DBP 44/2024 നമ്പരായുള്ള suo moto ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 26-06-2024 ലെ ഉത്തരവ്.

(2) DBP 44/2024 നമ്പരായുള്ള suo moto ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ 02-07-2024 ലെ ഉത്തരവ്.

(3) 26-07-2024 ലെ G.O(Rt) 1753/2024/RD നമ്പർ ഗവൺമെന്റ് ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള suo moto ഹർജി (DBP 44/2024) യിന്മേൽ ബഹു: ഹൈക്കോടതി പരാമർശം (1) ആയി പുറപ്പെടുവിച്ച ഉത്തരവിൽ കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ ഹോം ഡിപ്പാർട്ട്മെന്റ് അഡീഷണൽ സെക്രട്ടറിയായി പ്രവൃത്തിയെടുത്ത് വരുന്ന ശ്രീ. പ്രകാശ്.സി.വി -യെ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ആയും ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായും 2 വർഷ കാലയളവിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാവുന്നതായും ഇക്കാര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് രണ്ടാഴ്ചയ്ക്കകം ഔദ്യോഗിക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ആയത് ബഹു: ഹൈക്കോടതി മുമ്പാകെ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

തുടർന്ന് ശ്രീ. പ്രകാശ്. സി.വി. യുടെ മേൽപ്രകാരമുള്ള നിയമന കാലാവധി 18-05-2025 വരെ ആക്കികൊണ്ട് പരാമർശം (1) ൽ ഭേദഗതി വരുത്തി ബഹു: ഹൈക്കോടതി പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചു.

(മറുപുറം)

തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ ആയും ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായും ശ്രീ. പ്രകാശ്. സി.വി. യുടെ സേവനം അന്യത്രസേവന വ്യവസ്ഥയിൽ 18–05–2025 വരെ ലഭ്യമാക്കികൊണ്ട് പരാമർശം (3) ഗവൺമെന്റ് ഉത്തരവ് ലഭിച്ചു.

DBP 44/2024 നമ്പർ suo moto ഹർജിയിന്മേലുള്ള ബഹു: ഹൈക്കോടതിയുടെ പരാമർശം (1), (2) ഉത്തരവുകളുടേയും പരാമർശം (3) ഗവൺമെന്റ് ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ ഹോം ഡിപ്പാർട്ട്മെന്റ് അഡീഷണൽ സെക്രട്ടറിയായി പ്രവൃത്തിയെടുത്ത് വരുന്ന ശ്രീ. പ്രകാശ്. സി.വി. യെ തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറായും ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയായും 18–05–2025 വരെ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി
(ഒപ്പ്)
സെക്രട്ടറി

ശ്രീ. പ്രകാശ്. സി.വി,
അഡീഷണൽ സെക്രട്ടറി,
ഹോം ഡിപ്പാർട്ട്മെന്റ്,
കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റ്

പകർപ്പ് :–

1. ബഹു: തിരുവിതാംകൂർ–കൊച്ചിൻ ദേവസ്വം ബോർഡ് ഓംബുഡ്സ്മാന്റെ സെക്രട്ടറിയ്ക്ക്
2. സ്പെഷ്യൽ കമ്മീഷണർ, ശബരിമല
3. പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്
4. അക്കൗണ്ടന്റ് ജനറൽ, (A & E) , കേരള

(1–4: ആമുഖ കത്ത് സഹിതം)

5. ശബരിമല മാസ്റ്റർപ്ലാൻ ഹൈപവർ കമ്മിറ്റിയുടെ മെമ്പർ സെക്രട്ടറിയ്ക്ക്
6. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വിഭാഗം (തിരുവിതാംകൂർ ദേവസ്വം ബോർഡ് ആഡിറ്റ്)
7. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ഡിപ്പാർട്ട്മെന്റ് /ആഫീസ് മേധാവികൾക്കും
8. ഐ.റ്റി. ഡിവിഷൻ
9. സെക്ഷൻ ഫയൽ
10. ഫയൽ ബുക്ക്
11. ഫെയർ ഓഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK